(2) വിദ്യാലയങ്ങളിൽ മലയാളം ഒന്നാം ഭാഷയാക്കുന്നതിന് നടപടി

ശ്രീ. സി. പി. മുഹമ്മദ്: സർ, ജസ്റ്റിസ് വി. ആർ. കൃഷ്ണയ്യർ, പ്രൊഫ. എം. കെ. സാനു, ഡോ. ജോർജ് ഇരുമ്പയം എന്നിവർ ഉൾക്കൊള്ളുന്ന മലയാള സംരക്ഷണ വേദിയും നിരവധി സാംസ്കാരിക നായകന്മാർ ഉൾക്കൊള്ളുന്ന മലയാള ഐക്യവേദി, മലയാള സമിതി എന്നിവ ചേർന്നുള്ള ഐക്യ മലയാള പ്രസ്ഥാനം, കേരളത്തിന്റെ മാതൃഭാഷയായ മലയാളത്തെ നിർബ്ബന്ധിത ഒന്നാം ഭാഷയാക്കുക എന്ന ആവശ്യം പ്രധാനമായും ഉന്നയിച്ചു കൊണ്ട് ഇന്ന് രാവിലെ 8.00 മണി മുതൽ സെക്രട്ടേറിയറ്റിനു മുൻപിൽ നിരാഹാര സത്യാഗ്രഹം അനുഷ്ഠിക്കുകയാണ്. ഒരുപാട് സാംസ്കാരിക നായകന്മാർ പങ്കെടുക്കുന്ന ഈ സമരത്തിന്റെ കാര്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടേയും സഭയുടേയും ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഞാൻ ഇതിനുമുൻപ് അവതരിപ്പിച്ച ശ്രദ്ധ ക്ഷണിക്കലിന് മലയാളം സർവ്വകലാശാല സ്ഥാപിക്കുമെന്ന് അങ്ങ് ഉറപ്പ് നൽകിയിരുന്നു. കരയിലുള്ള കാക്കയ്ക്കും പുച്ചയ്ക്കും ആടിനും മാടിനും താറാവിനും കോഴിക്കും കടലിലുള്ള മത്സ്യത്തിനും സർവ്വകലാശാലയുണ്ടായ കേരളത്തിൽ മലയാളം സർവ്വകലാശാല ഇതുവരെ ഉണ്ടായിട്ടില്ല. ഐക്യ കേരള പിറവി 54 വർഷം പിന്നിടുമ്പോഴും ഔദ്യോഗിക ഭാഷ മലയാളമാക്കാൻ കഴിഞ്ഞിട്ടില്ല. ഈ സഭയിൽ തന്നെ ഇപ്പോഴും ഔദ്യോഗിക ഭാഷ പരിപൂർണ്ണമായും മലയാളമായിട്ടില്ല. വെറ്ററിനറി സർവ്വകലാശാലയുടെ ബിൽ ഇംഗ്ലീഷിൽ അവതരിപ്പിക്കാൻ അനുവാദം തേടുകയും ബഹുമാനപ്പെട്ട സ്പീക്കർ അതിന് അനുവാദം കൊടുത്തിരിക്കുകയുമാണ്. മനുഷ്യരെ ബാധിക്കുന്ന ഒരുപാട് ബില്ലുകൾ മലയാളത്തിൽ അവതരിപ്പിച്ച ഈ മഹിതമായ സഭയിൽ വെറ്ററിനറി സർവ്വകലാശാലയുടെ ബിൽ പോലും ഇന്ന് ഇംഗ്ലീഷിലാണ് അവതരിപ്പിക്കുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് മലയാള ഭാഷയോടുള്ള പ്രതിബദ്ധതയും സ്നേഹവും എനിക്ക് നന്നായി അറിയാം. ഈ കാര്യത്തിൽ അങ്ങ് വേണ്ട നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, ഈ സഭ സമ്മേളിക്കുമ്പോൾ നമ്മുടെ മാതൃഭാഷ എല്ലാ വിദ്യാലയങ്ങളിലും ഒന്നാം ഭാഷയായി പഠിപ്പിക്കണമെന്ന് പറഞ്ഞ് സെക്രട്ടറിയറ്റ് പടിക്കൽ ഭാഷാ സ്നേഹികൾ നിരാഹാര സത്യാഗ്രഹം നടത്തുന്നുവെന്നത് അപ്പുറത്തും ഇപ്പുറത്തും ഇരിക്കുന്നവരെ സംബന്ധിച്ച് ലജ്ജാകരം തന്നെയാണ്. രാജ്യത്ത് മറ്റൊരു സംസ്ഥാനത്തെയും പാഠ്യപദ്ധതിയിൽ മാതൃഭാഷയ്ക്ക് ഇല്ലാത്ത ഒരു ദുരനുഭവം മലയാളത്തിൽ ഉണ്ടായത് കാലമിത്രയായിട്ടും പരിഹരിക്കാൻ കഴിഞ്ഞിട്ടില്ല. ബഹുമാനപ്പെട്ട അംഗം പ്രകടിപ്പിച്ച ഉത്കണ്ഠ ന്യായമാണ്. സംസ്ഥാനത്ത് എല്ലാ വിദ്യാലയങ്ങളിലും എന്നല്ല, സംസ്ഥാന പരീക്ഷാ ബോർഡിന് കീഴിലുള്ള വിദ്യാലയങ്ങളിൽപ്പോലും പൂർണ്ണമായി മാതൃഭാഷ ഒന്നാം ഭാഷയല്ല എന്നുള്ളത് വലിയ കുറച്ചിലാണ്. പതിറ്റാണ്ടുകൾക്കപ്പുറത്ത് വിദ്യാഭ്യാസ വകുപ്പിനും കരിക്കുലം കമ്മിറ്റിക്കും മനഃപ്പൂർവ്വമോ അല്ലാതെയോ പറ്റിയ തെറ്റാണ്. മാതൃഭാഷ പഠിക്കാതെ സ്കൂൾ ഫൈനൽ പാസ്സാകാമെന്ന അവസ്ഥയാണുള്ളത്. ഈ ഗവൺമെന്റ് വന്നശേഷമാണ് വിദ്യാഭ്യാസ വകുപ്പ്

LIBRARY ARCHIVES Kerala Legislative Assembly

പഴയ തെറ്റ് തിരുത്താൻ ശ്രമം തുടങ്ങിയത്. അതിന്റെ ഫലമായി 5-ാം ക്ലാസ്സ് വരെയെങ്കിലും മലയാളം നിർബന്ധമായി പഠിക്കണമെന്ന് ഉത്തരവിറക്കി. പഠന മാധ്യമം മലയാളമാകൽ മാത്രമല്ല, ഒന്നാം ഭാഷയായി മലയാളം പഠിപ്പിക്കുകയും മാതൃഭാഷ പഠിക്കാതെ സ്കൂൾ ഫൈനൽ പാസ്സാകാമെന്ന അവസ്ഥ ഇല്ലാതാകുകയും വേണം. കാരണം ഭാഷാ പഠനത്തിലൂടെ മാത്രമേ സാംസ്കാരികമായി മുന്നേറ്റമുണ്ടാകുകയുള്ളൂ. ഇപ്പോൾ പാഠ്യപദ്ധതിയിൽ പാർട്ട് -II മലയാളം പഠിക്കണമെന്ന് നിഷ്കർഷിക്കുമ്പോഴും മുന്നിൽ രണ്ട് പീരിയഡുകൾ മാത്രമാണ് ഇതിനായി നീക്കിവച്ചിട്ടുള്ളത്. മറ്റ് ഭാഷകൾ പഠിക്കാനുള്ള താൽപ്പര്യത്തേയും അവകാശത്തേയും മറ്റ് ഭാഷാ അദ്ധ്യാപകരുടെ ജോലിയേയും എല്ലാം പൂർണ്ണമായി സംരക്ഷിച്ചുകൊണ്ടുതന്നെ മാതൃഭാഷ നിർബന്ധമാക്കാൻ കഴിയണം. പണ്ടെന്നോ വിദ്യാഭ്യാസ വകുപ്പും കരിക്കുലം കമ്മിറ്റിയും വരുത്തിവച്ച വിന ഏകപക്ഷീയമായി തിരുത്തുക എന്നത് എളുപ്പമല്ല. പൊതു സമൂഹത്തിൽ അതിന് സമവായമുണ്ടാക്കാൻ കഴിയണം. സ്കൂൾ വിദ്യാർത്ഥികളെങ്കിലും മാതൃഭാഷ നിർബന്ധമായി പഠിച്ചിരിക്കേണ്ടത് സംസ്കാരത്തിന്റെ നിലനിൽപ്പിനും മുന്നേറ്റത്തിനും സാമൂഹ്യ പുരോഗതിക്കും അനിവാര്യമാണെന്ന ബോധം വേണം. അതുകൊണ്ട് സർക്കാർ ഇക്കാര്യത്തിൽ നടപടികളാരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും നിർബന്ധമായും മലയാളം ഒന്നാം ഭാഷയായി സ്വീകരിക്കേണ്ട പ്രായോഗിക നടപടികൾ സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ കരിക്കുലം കമ്മിറ്റി ഒരു ഉപസമിതിയെ നിയോഗിച്ചിട്ടുണ്ട്. അതിന്റെ റിപ്പോർട്ട് കിട്ടുന്ന മുറയ്ക്ക് ആവശ്യമായ എല്ലാ നടപടികളും സ്വീകരിക്കുന്നതാണ്.

(3) ഇരിങ്ങാലക്കുട മാപ്രാണം ഹോളിക്രോസ് ദേവാലയത്തിലെ തിരുശേഷിപ്പ് മോഷണം പോയ സംഭവം

ഇതേ വിഷയം സംബന്ധിച്ച് ശ്രീ. ബി.ഡി. ദേവസ്സിയും നോട്ടീസ് നൽകിയിട്ടുണ്ട്.

<u>ശ്രീ. തോമസ് ഉണ്ണിയാടൻ</u> : സർ, ഏഷ്യയിലെ ഏറ്റവും പ്രസിദ്ധമായ തീർത്ഥാടന കേന്ദ്രമാണ് ഇരിങ്ങാലക്കുടയിലെ മാപ്രാണം ഹോളിക്രോസ് ദേവാലയം. ഈ ദേവാലയത്തിൽ നിന്നും 30-11-2010-ൽ അതിവശ്രേഷ്ഠവും വളരെ പരിപാവനവുമായിട്ടുള്ള മൂന്ന് തിരുശേഷിപ്പുകൾ മോഷണം പോയിരിക്കുകയാണ്. യേശുക്രിസ്തു ക്രൂശിക്കപ്പെട്ട വിശുദ്ധകുരിശിന്റെ അംശം ഉൾക്കൊള്ളുന്ന തിരുശേഷിപ്പ്, അതുപോലെ തന്നെ ഗാഗുൽത്താ മലയിലേക്ക് കുരിശ് വഹിച്ചുപോയ യേശുക്രിസ്തുവിന്റെ തിരുമുഖം വെറോനിക്ക തുടച്ചപ്പോൾ തൂവാലയിൽ പതിഞ്ഞ തിരുരക്തത്തിന്റെയും വിയർപ്പിന്റെയും തിരുശേഷിപ്പ്, യേശുക്രിസ്തുവിന്റെ തിരുവിലാവിൽ കുത്തിയപ്പോൾ കുന്തത്തിൽ പതിഞ്ഞ തിരുരക്തത്തിന്റെ തിരുശേഷിപ്പ് ഈ മൂന്ന് തിരുശേഷിപ്പുകളും ഒരുമിച്ച് സൂക്ഷിക്കപ്പെട്ടിട്ടുള്ള ഏഷ്യയിലെ ഏക ദേവാലയമാണ് ഇരിങ്ങാലക്കുട മാപ്രാണം ഹോളിക്രോസ് ദേവാലയം. ഈ തിരുശേഷിപ്പുകൾക്ക് 1858 ജൂലായ് 13-ന് ക്ലിയോ പതിമൂന്നാമൻ മാർപ്പാപ്പയുടെ കയ്യൊപ്പോടുകൂടിയ ലത്തീൻ

LIBRARY ARCHIVES Kerala Legislative Assembly